"ഭരണഭാഷ മാതൃഭാഷ"

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ്
ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
04712323198, email-jdacad@gmail.com

നം.എസിഡിഎസ്.പി.സി(1)/235270/2022/എച്ച്.എസ്.ഇ തീയതി.30/03/2022

## സർക്കുലർ

**വിഷയം:** ഹ.സെ.വി - പൊതുപരീക്ഷ ചോദ്യപേപ്പർ വിലയിരുത്തലുമായി ബന്ധപ്പെട്ട ഗവേഷണപഠനം -സംബന്ധിച്ച്.

**സൂചന:** പ്രോഗ്രാം 4/2438/2022/എസ്.സി.ഇ.ആർ.ടി, തീയതി 23.03.2022

പൊതുപരീക്ഷാ ചോദ്യപേപ്പറുകളുടെ ഗുണതയും സമഗ്രമായ വിലയിരുത്തൽ പ്രക്രിയയും മെച്ചപ്പെടുത്തുന്നതിനായി ജില്ലകളിലെ D.I.E.T കാര്യാലയങ്ങളുടെ നേതൃത്വത്തിൽ ഈ വർഷം മുതൽ ഗവേഷണപഠനം ആരംഭിക്കുന്നത് സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി -യിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ പ്ലസ് ടു ക്ലാസുകളിലെ ഇംഗ്ലീഷ്, മലയാളം, ഗണിതം, രസതന്ത്രം, ചരിത്രം, സാമ്പത്തിക ശാസ്ത്രം, അക്കൗണ്ടൻസി എന്നീ ഏഴ് വിഷയങ്ങളിലെ ചോദ്യപേപ്പറുകളാണ് പഠന വിധേയമാക്കുന്നത്.

D.I.E.T പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന നാലംഗ ഗവേഷണ ടീം ആണ് വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നത്. പരീക്ഷ കഴിഞ്ഞ് കുട്ടികൾ പരീക്ഷാ ഹാൾ വിടുന്നതിന് മുമ്പായി ഇൻവിജിലേറ്റർമാർ കുട്ടികളിൽ നിന്നും ചോദ്യാവലി പൂരിപ്പിച്ചുവാങ്ങുന്ന രീതിയാണ് വിവരശേഖരണത്തിനായി അവലംബിക്കുന്നുത്.

വിവരശേഖരണ പ്രക്രിയ സുഗമമായി നടത്തുന്നതിനായി മേൽ പറഞ്ഞ ജില്ലകളിലെ സ്കൂളുകളിൽ ഗവേഷണവുമായി ബന്ധപ്പെട്ട് D.I.E.T അധികൃതർ എത്തുന്നപക്ഷം ആയതിന് വേണ്ടുന്ന സൗകര്യങ്ങൾ അതത് പ്രിൻസിപ്പൽമാർ ഏർപ്പെടുത്തണമെന്ന് അറിയിക്കുന്നു.

ഒപ്പ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

എല്ലാ മേഖലാ ഉപമേധാവികൾക്കും

എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി പ്രിൻസിപ്പിൽമാർക്കും